(സി) 10 തവണ യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(ഡി) അനാഥാലയങ്ങൾ പരിശോധനയ്ക്കായി പോകുന്നതിനും ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിനും ഒന്നാം ക്ലാസ് യാത്രാബത്ത നൽകുന്നുണ്ട്.

(ഇ) കഴിഞ്ഞ 2 വർഷങ്ങളിൽ ഇതിലെ അംഗങ്ങൾക്ക് അലവൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

72 (2220) സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും ലഭിച്ച ഗ്രാന്റ്

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും 1999-2000 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് ലഭിച്ചിട്ടുണ്ടെന്നും ഓരോ സ്ഥാപനങ്ങൾക്കും എന്തു തുക വീതമാണ് ഗ്രാന്റ് ലഭിച്ചതെന്നും വിശദമാക്കുമോ;

(ബി) ജില്ല തിരിച്ചുള്ള സ്ഥാപനങ്ങളുടെ പേരും അവയുടെ മാനേജ്മെന്റും എന്താവശ്യത്തിനുവേണ്ടിയാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിൽ നിന്നും 1999-2000 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബോർഡ് വഴി വിതരണം ചെയ്ത ഗ്രാന്റ് തുകയും സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പേരു വിവരവും എന്ത് ആവശ്യത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിവരങ്ങൾ അനുബന്ധം -1 മുതൽ 9 ആയി ചേർക്കുന്നു.

73 (2221) അംഗൻവാടി ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ബ്ലോക്കുകളിൽ അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ അംഗൻവാടികളിൽ ഇപ്പോൾ ജോലി ചെയ്യുന്ന വർക്കർ, ഹെൽപ്പർ എന്നിവർ എത്ര;

(സി) ഈ ജീവനക്കാർക്ക് ലഭിക്കുന്ന വേതനം എത്ര; മറ്റ് ആനുകൂല്യങ്ങൾ എന്തെല്ലാം;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗൻവാടി ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാം;

(ഇ) ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ ബന്ധപ്പെടുന്ന അംഗൻവാടി ജീവനക്കാർക്ക് പ്രത്യേകമായ ആനുകൂല്യം ഉണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണ്;

LIBRARY ARCHIVES Kerala Legislative Assembly